വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങളിലെ നിയമന വ്യവസ്ഥകൾ

18 (1998) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യ അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള കലാമണ്ഡലം തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ ഈ സ്ഥാപനങ്ങളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട് ; അവർ ആരെല്ലാം ; അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാം എന്നറിയിക്കുമോ ;

(സി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സ്ഥാപനങ്ങളിലെ നിയമന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്. കേരള സാഹിത്യ അക്കാഡമിയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/പത്രപരസ്യം വഴിയാണ് യോഗ്യരായവരെ തെരഞ്ഞെടുക്കുന്നത്. നിർവാഹക സമിതി രൂപീകരിക്കുന്ന ഒരു സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയായിരിക്കും അർഹരായ അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്. കേരള സംഗീത നാടക അക്കാഡമി, കേരള ലളിതകലാ അക്കാഡമി എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തെരഞ്ഞെടുക്കുന്നവർക്ക് ഇന്റർവ്യൂ നടത്തിയാണ് നിയമനം നടത്തുന്നത്. യോഗ്യരായവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭിക്കാതെ വരികയാണെങ്കിൽ പത്രപരസ്യം മുഖേനയും തിരഞ്ഞെടുക്കാറുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കപ്പെടുന്ന ഒരു മൂന്നംഗ സ്റ്റാഫ് സെലക്ഷൻ കമ്മിറ്റിയാണ് അർഹരായ അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്. ഈ കമ്മറ്റിയിൽ സാംസ്ക്കാരികകാര്യ വകുപ്പ് സെക്രട്ടറിയോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ഉണ്ടായിരിക്കും. കേരള ചലച്ചിത്ര വികസന കോർപ്പറേഷൻ പി.എസ്.സി. മുഖാന്തിരമാണ് നിയമനം നടത്തുന്നത്. കേരള കലാമണ്ഡലത്തിൽ സ്ഥിരഅദ്ധ്യാപകരുടെ നിയമന കാര്യത്തിൽ ചെയർമാൻ, എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ ഒരംഗം സാംസ്കാരികവകുപ്പു സെക്രട്ടറിയുടെ നോമിനി, വിഷയവിദഗ്ദ്ധർ എന്നിവർ ചേർന്ന് നിയമന കമ്മിറ്റിയുടെ ശുപാർശയോടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്. അനദ്ധ്യാപകരുടെ കാര്യത്തിൽ കലാമണ്ഡലം സെക്രട്ടറി കൂടി ഉൾപ്പെടുന്ന നിയമന കമ്മിറ്റിയുടെ അംഗീകാരത്തോടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് നിയമനം നടത്തുന്നത്.

(ബി) ഈ സ്ഥാപനങ്ങളിൽ സർക്കാർ നേരിട്ട് നിയമനങ്ങൾ നടത്താറില്ല. അതതു സ്ഥാപനങ്ങൾ നടത്തിയ നിയമനങ്ങളുടെ വിധം താഴെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള സാഹിത്യ അക്കാഡമി താഴെ പറയുന്നവരെ നിയമിച്ചിട്ടുണ്ട്.

1. ശ്രീ. പുഷ്പജൻ കണാരത്ത്-ജൂനിയർ അക്കൗണ്ടന്റ്.
2. ശ്രീ. വി. എൻ. അശോകൻ
3. ശ്രീ. ടി. പി. ബെന്നി-എൽ.ഡി. ക്ലർക്ക്

കേരള കലാമണ്ഡലം

1. ശ്രീമതി വി. ലതിക-ഗ്രേഡ് 2 ഇൻസ്ട്രക്ടർ
2. ശ്രീമതി പി. സുജാത-ഗ്രേഡ് 2 ഇൻസ്ട്രക്ടർ
3. ശ്രീ. വി. അച്ചുതാനന്ദൻ-ഗ്രേഡ് 2 ഇൻസ്ട്രക്ടർ
4. ശ്രീ. കെ. സൂര്യനാരായണൻ-ഗ്രേഡ് 2 ഇൻസ്ട്രക്ടർ
5. ശ്രീ. കെ. പി. അച്ചുതൻ-ഗ്രേഡ് 2 ഇൻസ്ട്രക്ടർ
6. ശ്രീ. എസ്. ശിവദാസൻ-ഡ്രൈവർ

കേരള ചലച്ചിത്രവികസന കോർപ്പറേഷൻ

1. ശ്രീ. എസ്. ബാലചന്ദ്രൻ നായർ-ഇലക്ട്രീഷ്യൻ
2. ശ്രീ. വി. സാജു-ഇലക്ട്രീഷ്യൻ
3. ശ്രീ. എൻ. വിജയൻ-സെക്യൂരിറ്റിഗാർഡ്
4. ശ്രീ. എം. ശശികുമാർ-സെക്യൂരിറ്റിഗാർഡ്

കൂടാതെ പി.എസ്.സി. വഴി നാല് ഗ്രേഡ്-2 അസിസ്റ്റന്റുമാരെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 5 ഇലക്ട്രീഷ്യൻമാരെയും രണ്ടു പ്രോജക്ഷൻ അസിസ്റ്റന്റുമാരെയും ഒരു ഹെൽത്തുവർക്കറെയും നിയമിച്ചിട്ടുണ്ട്.

കേരള സംഗീതനാടക അക്കാഡമി

1. ശ്രീമതി ഇ. എച്ച്. ഗീത-എഡിറ്റോറിയൽ അസിസ്റ്റന്റ്
2. ശ്രീമതി ഇ. എസ്. ജാക്വിലിൻ-അസിസ്റ്റന്റ് ഗ്രേഡ്-II
3. ശ്രീമതി എം. വി. സരസ്വതി-അസിസ്റ്റന്റ് ഗ്രേഡ്-II
4. ശ്രീ. ഷാത്രികുമാർ-വാച്ച്മാൻ
5. ശ്രീമതി പി. ആർ. ഷേർളി-ഫുൾടൈം സ്വീപ്പർ
6. ശ്രീമതി പി. അംബിക-പി.ടി. സ്വീപ്പർ
7. ശ്രീ. ഇ. വി. വർഗ്ഗീസ്- പി.ടി. സ്വീപ്പർ
8. ശ്രീ. പി. ആർ. അനിൽകുമാർ-ലൈൻമാൻ കം കെയർടേക്കർ
9. ശ്രീ. കെ. ശെൽവരാജൻ-ഗാർഡനർ

ഓരോ അക്കാഡമികളുടെയും സർവ്വീസ് റൂളുകൾ അനുസരിച്ചാണ് സേവന-വേതന വ്യവസ്ഥകൾ. ചലച്ചിത്രവികസന കോർപ്പറേഷന് പൊതുമേഖലാസ്ഥാപനങ്ങളുടെ സേവന-വേതന വ്യവസ്ഥകളാണ് നിലവിലുള്ളത്.

(സി) കേരള ചലച്ചിത്ര അക്കാഡമിയിലെ നിയമനം പി.എസ്.സി. വഴിയാണ് മറ്റ് അക്കാഡമികളുടെ കാര്യത്തിൽ നിയമനം പി.എസ്.സി. മുഖേനയാക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly